(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പിരിച്ചുവിടലിൽനിന്നും സംരക്ഷണം നൽകപ്പെട്ട ഹരിജൻ-ഗിരിജൻ ജീവനക്കാർ

* 82 [124] ശ്രീ. വി. കേശവൻ:
,, ജി. വരദൻ:
,, സി. കെ. തങ്കപ്പൻ:
,, ടി. കെ. ആറുമുഖൻ:
,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഹരിജനവർഷത്തിൽ, പിരിച്ചുവിടലിൽനിന്ന് സംരക്ഷണം കൊടുത്തിട്ടുള്ള ഹരിജൻ-ഗിരിജൻ വിഭാഗത്തിൽപ്പെട്ട താൽക്കാലിക സർക്കാർ ജീവനക്കാർ എത്ര;

(ബി) ഈ തീരുമാനം സർക്കാർ ഉടമയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ വൈദ്യുതിബോർഡിനും ട്രാൻസ്പോർട്ട് കോർപ്പറേഷനും ബാധകമാക്കിയിട്ടുണ്ടോ;

(സി) ഈ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി ശ്രീ. (കെ. കരുണാകരൻ):

(എ) വിവരം ശേഖരിച്ചുവരുന്നു. ഇതുവരെ ലഭ്യമായ വിവരങ്ങളനുസരിച്ച് ഹരിജന-ഗിരിജന വർഷത്തിൽ ഈ വിഭാഗത്തിൽപ്പെട്ട 181 താൽക്കാലിക ജീവനക്കാർക്ക് പിരിച്ചുവിടലിൽനിന്നും സംരക്ഷണം നൽകുകയുണ്ടായി. 29 വകുപ്പദ്ധ്യക്ഷൻമാരിൽനിന്നുള്ള വിവരം കിട്ടിയിട്ടില്ല.

(ബി) ഉണ്ട്.

(സി) സ്ഥിരപ്പെടുത്താനുള്ള ഉത്തരവ് താമസിയാതെ പുറപ്പെടുവിക്കുന്നതാണ്.

പുതിയ ഐ. സി. ഡി. എസ്. പ്രോജക്ടുകൾ

* 83 [125] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
,, കെ. പി. എ. മജീദ്:
,, പി. സീതിഹാജി:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, നാലകത്തു സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര പുതിയ ഐ. സി. ഡി. എസ്. പ്രോജക്ടുകൾ തുടങ്ങാൻ കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പുതിയ പ്രോജക്ടുകൾ തുടങ്ങാൻ ശുപാർശ ചെയ്യുന്നത് ഏതുമാനദണ്ഡമനുസരിച്ചാണ് എന്നു വ്യക്തമാക്കാമോ?

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം):

(എ) ഈ സാമ്പത്തികവർഷം പുതിയ 6 ഐ. സി. ഡി. എസ്. പ്രോജക്ടുകൾ തുടങ്ങുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി)

1.	തിരൂരങ്ങാടി	മലപ്പുറം ജില്ല
2.	കാസർകോട്	കാസർകോട് ജില്ല
3.	തളിക്കുളം	തൃശ്ശൂർ ജില്ല
4.	പുളിക്കീഴ്	പത്തനംതിട്ട ജില്ല
5.	ചിറ്റുമല	കൊല്ലം ജില്ല
6.	മാടപ്പള്ളി	കോട്ടയം ജില്ല

(സി) പട്ടികവർഗ്ഗക്കാർ (പ്രത്യേകിച്ച് പിന്നോക്ക അവസ്ഥയിലുള്ള പട്ടിക വർഗ്ഗക്കാർ) പട്ടിക ജാതിക്കാർ എന്നിവർ കൂടുതലായി പാർത്തുവരുന്ന പ്രദേശങ്ങൾ, പിന്നോക്ക പ്രദേശങ്ങൾ, വരൾച്ച ബാധിത പ്രദേശങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ കാര്യത്തിൽ അവികസിത പ്രദേശങ്ങൾ, പോഷകാഹാരക്കുറവുള്ള ജനങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങൾ എന്നീ മാനദണ്ഡങ്ങളനുസരിച്ചാണ് പുതിയ ഐ. സി. ഡി. എസ്. പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ശുപാർശ ചെയ്യുമ്പോൾ മുൻഗണന നൽകുന്നത്. പട്ടണ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ചേരി പ്രദേശങ്ങൾക്കും പട്ടികജാതിക്കാർ കൂടുതലായി താമസിച്ചുവരുന്ന പ്രദേശങ്ങൾക്കും മുൻഗണന നൽകുന്നു.

ഹരിജൻ, ഗിരിജൻ എന്നീപദങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശം

* 84 [126] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ, ഗിരിജൻ എന്നീപദങ്ങൾ ഔദ്യോഗിക കാര്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന് കേന്ദ്ര ആഭ്യന്തരവകുപ്പിൽനിന്നും വല്ല നിർദ്ദേശവും സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഹരിജനക്ഷേമ വകുപ്പിന്റെ പേർ പട്ടികജാതിക്ഷേമ വകുപ്പ് എന്നാക്കിമാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly